"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ വിളയൂർ KSEB സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി, വിളയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിർത്തി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കൈമാറുന്നതിന് വിളയൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1984/2022/LSGD തീയതി,തിരുവനന്തപുരം, 16-08-2022

---

പരാമർശം:-

1. 01/06/2020 ലെ വിളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A3 1734/18 (2) നമ്പർ അപേക്ഷ
2. 24.04.2018 ലെ BO(DB) NO.594/2016(D(D&S) D6/AE2 /4ല/newsections/2016) നമ്പർ ഉത്തരവ്
3. വിളയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.06.2019 ലെ 4/1 നമ്പർ, 27.02.2020 ലെ 2/1 നമ്പർ തീരുമാനങ്ങൾ.
4. പഞ്ചായത്ത് ഡയറക്ടറുടെ 08/11/2021 ലെ PAN/14921/2019-C3(DP) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ വിളയൂർ KSEB സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു കൊടുക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

വിളയൂർ ഗ്രാമപഞ്ചായത്തിൽ വിളയൂർ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്; കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശ്മശാനത്തിനു വേണ്ടി വാങ്ങിയതും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വിളയൂർ വില്ലേജ് റിസർവേ നം. 61/3, 61/4 എന്നിവയിൽപ്പെട്ടതുമായ 38.70 ആർ (96 സെന്റ്) ഭൂമിയിൽ, ടി ആവശ്യത്തിനായി ഇത്രയും സ്ഥലം ആവശ്യമില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിൽ നിന്നും 10 സെന്റ് സ്ഥലം വിളയൂർ ഗ്രാമപഞ്ചായത്തിലെ വിളയൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന ആവശ്യത്തിലേക്ക് കേരള സർക്കാരിന്റെ അനുമതിക്ക് വിധേയമായി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്

കൈമാറുന്നതിന് പരാമർശം (3) പ്രകാരം പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥലം 1981-ൽ ഗ്രാമപഞ്ചായത്ത് പൊതുശ്മശാനത്തിന്റെ ആവശ്യത്തിനായി വാങ്ങിയതാണെങ്കിലും നാളിതുവരെയും ടി സ്ഥലത്ത് ശവം മറവ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ലാത്തതും നിലവിൽ ജനവാസ കേന്ദ്രമായ പ്രദേശമായതിനാലും പ്രസ്തുത ആവശ്യത്തിന് ടി സ്ഥലം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മേൽ സാഹചര്യത്തിൽ കെ.എസ്.ഇ.ബി വിളയൂർ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റിസർവേ നം. 61/3, 61/4 എന്നിവയിൽപ്പെട്ടതുമായ 38.70 ആർ (96 സെന്റ്) ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം വിളയൂർ ഗ്രാമപഞ്ചായത്തിലെ വിളയൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന ആവശ്യത്തിലേക്ക് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കൈമാറുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ഇ.ബി വിളയൂർ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി, വിളയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റിസർവേ നം. 61/3, 61/4 എന്നിവയിൽപ്പെട്ടതുമായ 38.70 ആർ (96 സെന്റ്) ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിർത്തി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കൈമാറുന്നതിന് വിളയൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

നിയമ(നിയമനിർമ്മാണ.സി) വകുപ്പ്; {നം.27/ലെഗ്.സി.3/2022/നിയമം}

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/179/2021/LSGD.

ഉത്തരവിൻ പ്രകാരം

SECTION OFFICER